# Emulate the testimony of the people of faith    -Part :2

## (5) Sara (സാറാ)-  എബ്രാ:(11:11,12)  ഉല്പ:(16:1,2),        ഉല്പ:(21:1- 7)

'ദൈവത്തിന്റെ സ്നേഹിതൻ' എന്നു വിളിക്കപ്പെട്ട അബ്രാമിന്റെ കൂട്ടവകാശി ആകുക എന്ന ഭാഗ്യം എനിക്ക് ലഭിക്കുക മാത്രമല്ല ചെയ്തത്, അദ്ദേഹത്തിന്റെ പേരു മാറ്റിയ ദൈവം സാറാ എന്ന് എന്നെയും വിളിച്ചു. നരകത്തിന്റെ പാതയിൽ നിന്ന് ഞങ്ങളെ വിളിച്ച് ജീവന്റെ വഴിയിൽ നിർത്തി എങ്കിലും യഹോവയെ ഞങ്ങൾ വേദനിപ്പിച്ചു. ക്ഷാമം ഞങ്ങളെ ആത്മീയ അന്ധതയിലാക്കി ഞങ്ങൾ മിസ്രേമിലേക്കു പോയി. അലറുന്ന സിംഹമായ ഫറവോനുണ്ടെന്ന കാര്യം ഞങ്ങൾ മറന്നു. തെറ്റ് ചെയ്യാൻ ഭർത്താവ് എന്നെ പ്രേരിപ്പിച്ചു. ഞാൻ എതിർത്തില്ല പക്ഷേ ദൈവം ഞങ്ങളെ ശ്രദ്ധിച്ചതിനാൽ രക്ഷപെട്ടു എന്ന് മനസ്സിലാക്കുക. പരസ്പരം തെറ്റുതിരുത്തി ദൈവീക നിർദ്ദേശ പ്രകാരം ജീവിപ്പാൻ നിങ്ങൾ മറക്കരുതേ.

പകരത്തിനു പകരം അല്ല എങ്കിലും ഞാനും എന്റെ ഭർത്താവിനെ മിസ്രേമ്യ ദാസിയായ ഹാഗറിന്റെ അടുക്കൽ അയച്ചു. അത് ഒരു വലിയ പാപമാണ് എന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. ദൈവീക വാഗ്ദത്തത്തിനായി കാത്തിരിക്കാതെ തെറ്റു ചെയ്യുവാൻ പ്രേരിപ്പിച്ചു. വാഗ്ദത്തം തന്നവൻ വിശ്വസ്തനാകയാൽ അപ്രകാരമൊരു തെറ്റിൽ നിങ്ങൾ വീഴരുതേ എന്ന് ഞാൻ അപേക്ഷിക്കുന്നു. യഹോവയുടെ സമയത്തിന് കാത്തിരിക്കാതെ പെട്ടെന്ന് തീരുമാനം എടുക്കുക എന്ന തെറ്റ് നിങ്ങൾ ചെയ്യരുത്.

വാഗ്ദത്തം ചെയ്തവൻ വാക്കുപാലിച്ചു. ഞങ്ങൾക്ക് ഒരു മകനെ തന്ന് അനുഗ്രഹിച്ചു. പ്രീയരേ! നിങ്ങൾ വാഗ്ദത്ത ദേശത്തേക്കുള്ള ഓട്ടം ഓടുന്നതിനാൽ സാത്താന്റെ വാക്കുകൾ ചെവിക്കൊളളാതെ, ദൈവീക നിർദ്ദേശം സ്വീകരിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## (6) യിസഹാക്ക്- എബ്രാ:(11:9), (ഉല്പ:26,27)

അബ്രഹാം, സാറാ ദമ്പതികളുടെ വാഗദത്ത സന്തതി ആയ ഞാൻ, എന്റെ അപ്പൻ ദൈവത്തിൽ വിശ്വസിച്ചതു പോലെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തു. നിത്യനിയമത്തിന്റെ കൂട്ടായ്മയിലേക്ക് എന്റെ പിതാവുമായി കടന്ന ദൈവം അനേക വാഗ്ദത്തങ്ങൾ അദ്ദേഹ ത്തിന് നൽകി. ആ അപ്പന്റെ മകൻ എന്ന നിലയിൽ ആ അനുഗ്രഹം എന്നി ലേക്ക് വരികയില്ല എന്ന് തലമുറയ്ക്കായി പ്രാർത്ഥിച്ചപ്പോൾ ഞാൻ മനസ്സി ലാക്കി. അപ്പനു ലഭിച്ച അനുഗ്രഹം എന്നിലേക്ക് വരണമെങ്കിൽ യഹോവ യുടെ വാക്ക് ഞാൻ വിശ്വാസത്തോടെ അനുസരിച്ചെങ്കിലേ മതിയാകുക യുള്ളൂ.

അപ്പന്റെ കാലത്തുണ്ടായപോലെയുള്ള ക്ഷാമം എന്റെ ജീവിതത്തിലു ണ്ടായി എങ്കിലും ഞാൻ വിശ്വാസത്തോടെ അനുസരിച്ചു. “ഞാൻ കൂടെ യിരുന്ന് അനുഗ്രഹിക്കും എന്ന് പറഞ്ഞവനായ ദൈവം നൂറുമേനി തന്ന് അനുഗ്രഹിച്ചതിനാൽ ഞാൻ വർദ്ധിച്ച് വർദ്ധിച്ച് ധനവാനായിത്തീർന്നു.” ഇന്ന് ജോലി നഷ്ടമാകുമോ, ശമ്പളം ലഭിക്കുമോ , ഇങ്ങനെ ക്ഷാമകാല ത്തിന്റെ ചോദ്യങ്ങളുമായി ഭാരപ്പെടുന്ന സഹോദരങ്ങളെ യഹോവയുടെ വാക്കനുസരിച്ച് പ്രവർത്തിച്ചാൽ ഫലം നിശ്ചയമാണ്. പ്രാർത്ഥിക്കുന്ന ഉത്ത രവാദിത്തം മാതാപിതാക്കളെ ഏല്പിക്കാതെ നിങ്ങൾ ദൈവമുമ്പാകെ മുട്ടു മടക്കി അനുഗ്രഹം പ്രാപിക്കുക.

വാർദ്ധക്യത്തിലെ വേട്ട ഇറച്ചിക്കൊതിയാണ് എന്റെ കുടുംബജീവിതം തകർത്തത്.രണ്ട് മക്കൾ ശത്രുക്കളായി. ഒരാൾ വീടുവിട്ട് ഓടിപ്പോയി. അതിനാൽ പുത്രദു:ഖവും ഞാൻ അനുഭവിച്ചു. ഓടുവാൻ സന്തോഷ

ത്തോടെ ഇറങ്ങിയ നിങ്ങൾ ലോകസ്നേഹം ഉപേക്ഷിക്കുക, ദേവപുരവാസികളോടൊപ്പം എത്തുവാൻ ദൈവം കൃപതരട്ടെ.

## (7) യാക്കോബ്-എബ്രാ:(11:20-21)

എന്റെ സഹോദരനായ ഏശാവ് തന്റെ മാതാപിതാക്കളുടെ നീതിയുള്ള പ്രമാണങ്ങളെ അലക്ഷ്യമാക്കി ജീവിതം തകർത്തു. എന്റെ ജീവിതവും തകരേണ്ടതായിരുന്നു. നമ്മുടെ വഴികളെ യഹോവയ്ക്ക് സമർപ്പിച്ചാൽ തക്കസമയത്ത് അവൻ നമ്മെ അനുഗ്രഹിക്കും. എന്നാൽ കൗശലബുദ്ധി ഉപദേശിച്ചു തന്ന മാതാവിന്റെ വാക്ക് ഞാൻ സ്വീകരിച്ചതു മൂലം എന്റെ വീട്, രക്ഷകർത്താക്കൾ, സഹോദരൻ എല്ലാം എനിക്ക് നഷ്ടമായി. ഗർഭകാലത്ത് മാതാവിന് ദൈവം നൽകിയ വാഗ്ദത്തമാകാം കുബുദ്ധി ഉപദേശിപ്പാൻ അവരെ പ്രേരിപ്പിച്ചത്.

എല്ലാം ഉപേക്ഷിച്ച് ഒരു വടിയോടുകൂടെ പുറപ്പെട്ട ഞാൻ ചെന്നു ചേർന്നത് ചതിയനായ എന്റെ മാതുലൻ ലാബാന്റെ വീട്ടിലാണ്. മറ്റുള്ളവരെ വേദനിപ്പിച്ച് സന്തോഷിക്കുമ്പോൾ പീഢ അനുഭവിക്കുന്നവരുടെ ഹൃദയവും വേദനിയ്ക്കും എന്ന് എന്നെ മനസ്സിലാക്കിക്കുവാനായിരിക്കും യഹോവ അവിടേക്കയച്ചത് എന്ന് ഞാൻ കരുതുന്നു. ഒരു പ്രത്യേക പാപം യഹോവ ക്ഷമിച്ച് അവന്റെ കരുതൽ എന്റെ കൂടെയുണ്ടെന്ന് എന്നെ മനസ്സിലാക്കി എങ്കിലും ആ പാപത്തിനു വേണ്ടി അവൻ എന്നെ ശിക്ഷണം പഠിപ്പിച്ചു എന്ന് ഒരു തിരിഞ്ഞു നോട്ടം നടത്തിയപ്പോൾ എനിക്ക് മനസ്സിലായി.

അപ്പന്റെ വീട്ടിലേക്ക് മടങ്ങി വരണമെന്നുള്ള എന്റെ ആഗ്രഹം, ശിക്ഷണകാലാവധി കഴിഞ്ഞപ്പോൾ ദൈവം ഒരുക്കിത്തന്നു. വീണ്ടും എന്റെ തീരുമാനം തെറ്റിച്ച ഞാൻ യഹോവയെ ദു:ഖിപ്പിക്കുകയും ചെയ്തു. കരുതുന്ന ദൈവത്തെ, സംരക്ഷിക്കുന്ന ദൈവത്തെ അറിയാതെ ഞാൻ സംശയിച്ചു.

മടക്കിക്കൊണ്ടു വന്നത് അപ്പന്റെ വീട്ടിലേക്കായിരുന്നു. എന്നാൽ സഹോദ രനെ ഭയന്ന ഞാൻ പിതൃഭവനത്തിലേക്ക് പോകാതെ വിഗ്രഹാരാധികളുടെ പട്ടണമായ ശേഖേമിനടുത്ത് പാർത്തതിനാൽ പില്ക്കാലത്ത് എന്റെ മകൾ മൂലം ഞാൻ ദു:ഖിക്കേണ്ടി വന്നു. ഞാനും എന്റെ സഹോദരൻ ഏശാവും പിണങ്ങിയപ്പോൾ എന്റെ പിതാവ് ദു:ഖിച്ചത് ഞാൻ അപ്പോൾ ഓർത്തു. എന്നാൽ എന്റെ കഷ്ടതകളിൽ നിന്നും ഞാൻ പഠിക്കുവാൻ ദൈവം കൃപ ചെയ്തതിനാൽ തെറ്റ് തിരുത്തുവാൻ എനിക്ക് കഴിഞ്ഞു.

ദേവപുരവാസികളോടൊപ്പം എത്തുവാൻ ആഗ്രഹിച്ച് ഓടുന്ന നിങ്ങ ളോട് ചില കാര്യങ്ങൾ പറഞ്ഞുതരുവാൻ ആഗ്രഹിക്കുന്നു.

(1) ദൈവത്തോട് പാപം ചെയ്യുന്ന ഒന്നും നിങ്ങളുടെ ഭവനത്തിലോ, ജീവിത്തിലോ ഉണ്ടാകരുത്

. (2) വ്യക്തിപരമായ വിശുദ്ധിക്കായി സമർപ്പിക്കുക.

(3) ജീവിതത്തിലെ സുഖ സൗകര്യങ്ങൾ സ്വന്ത ബുദ്ധിയിലോ, ഉപായ ത്തിലോ നേടാതെ ദൈവീക സഹായത്തോടും , മാർഗ്ഗനിർദ്ദേശത്തോടും കൂടി നേടുക.

(4) നാം ശാരീരിക മൽപ്പിടിത്തമല്ല ദൈവത്തോട് ചെയ്യുന്നത് ദൃഢനിശ്ചയ ത്തോടെ, പ്രാർത്ഥനയും ആരാധനയും നടത്തി വിജയവും അനുഗ്ര ഹവും പ്രാപിക്കുക.

(5) ദൈവം തരുന്നത് മാത്രം മതി എന്ന നല്ല ചിന്തയോടെ, എല്ലാറ്റിനും ദശാംശം നൽകും എന്ന് തീരുമാനിക്കുക.

ലക്ഷ്യത്തിൽ ഓടി എത്തുന്ന നിങ്ങളെ സ്വീകരിപ്പാൻ പുഞ്ചിരിയോടെ കാത്തുനിൽക്കുന്നവരുടെ അടുക്കലെത്തുവാൻ യഹോവ നിങ്ങളെ സഹാ യിക്കട്ടെ.

## (8)യോസഫ് -- എബ്രാ:(11:22)

ദൈവം വിളിച്ചു വേർതിരിച്ച ജനം എപ്രകാരം പരദേശികളായി എന്ന റിയുവാൻ നിങ്ങൾ എന്റെ ജീവിതം ശ്രദ്ധിച്ചാൽ മതി. എല്ലാറ്റിനും കാരണം അഥവാ തുടക്കം എന്റെ അപ്പൻ യാക്കോബ് (യിസ്രായേൽ എന്ന് ദൈവം നാമകരണം ചെയ്തവൻ) എനിക്ക് സമ്മാനിച്ച നിറമുള്ള നീലയങ്കിയും, എന്റെ സ്വപ്നപ്രഖ്യാപനവുമായിരുന്നു.എന്റെ സ്വപ്നം പിൽക്കാലത്ത് അക്ഷരാർത്ഥത്തിൽ നിറവേറി എങ്കിലും എന്റെ ശത്രുക്കൾ എന്റെ ഭവന ത്തിൽ തന്നെ ഉണ്ടെന്ന പാഠം ഞാൻ പഠിച്ചു. സാക്ഷ്യമില്ലാത്ത എന്റെ സഹോദരങ്ങളുടെ അസൂയയ്ക്കും, ഉപദ്രവത്തിനും ഞാൻ ഇര യായിത്തീർന്നു. ക്ഷാമകാലത്ത് എന്റെ വല്യപ്പനായ യിസഹാക്ക് ദൈവീക നിർദ്ദേശം അംഗീകരിച്ചപ്പോൾ '100 മേനി' ഫലം നൽകിയ ദൈവം , എന്റെ അപ്പന് ക്ഷാമകാലത്ത് സംരക്ഷണം നൽകുവാൻ മിസ്രേമിലെത്തിക്കുവാ നുള്ള പദ്ധതിയുടെ ഭാഗമായിരുന്നു ഈ സംഭവപരമ്പര എന്ന് ആർക്കും മനസ്സിലായില്ല.

സഹോദരന്മാർ പൊട്ടക്കിണറ്റിലിട്ട എന്നെ അവിടെ നിന്നും പൊത്തീ ഫറിന്റെ ഭവനത്തിലെത്തിച്ചത് ദൈവമാണ്, ദൈവം തന്ന സ്വപ്നത്തെ നശിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല എന്ന ധൈര്യം എന്റെ ഉള്ളിൽ തന്നത് ദൈവമാണ്. എന്റെ ധാർമ്മിക നിലവാരവും , ദൈവത്തോടും അവന്റെ വചനത്തോടുമുള്ള സമർപ്പണവും എന്റെ സഹോദരന്മാരുടേ തിൽ നിന്നും മെച്ചമായതിനാലായിരിക്കാം ദൈവം എന്നിലൂടെ എന്റെ പിതാവിനേയും, സഹോദരങ്ങളേയും മിസ്രേമിൽ എത്തിച്ചത് എന്ന് ഞാൻ കരുതുന്നു. ദൈവത്തോട് പാപം ചെയ്യുകയില്ലെന്ന് ഞാൻ തീരുമാനിച്ചിരു ന്നു.

ദൈവത്തോടുള്ള വിശ്വസ്തത നിലനിർത്തുവാൻ പാപപ്രവർത്തി വിട്ട് ഓടിയ ഞാൻ എത്തപ്പെട്ടത് കാരാഗ്രഹത്തിലായിരുന്നു. പലപ്പോഴും പ്രലോഭനങ്ങളുടെ മേൽ വിജയം തന്ന ദൈവം തൽക്ഷണം പ്രതിഫലം നൽകാറില്ല. സ്വപ്ന വ്യാഖ്യാനത്തിനുള്ള കഴിവ് യഹോവയുടെ കൃപയാൽ ലഭിച്ചതാണ്. ജയിലിൽ നിന്ന് കൊട്ടാരത്തിലെത്തിച്ച് ഫറവോന്റെ സ്വപ്ന വ്യാഖ്യാനം നടത്തുവാനും, അതിനനുസരിച്ചുള്ള പ്രവർത്തികൾക്ക് അധി കാരം നേടിത്തന്നതും യഹോവയുടെ കരുണയാണ്. 'സ്വപ്ന ക്കാരാ'എന്ന് എന്നെ വിളിച്ച് പരിഹസിച്ചവരെക്കൊണ്ട് എന്നെ വന്ദിച്ചതും ദൈവമാണ്. വാർദ്ധക്യ കാലത്ത് എന്റെ പിതാവിന്റെ ആഗ്രഹങ്ങൾ സാധിച്ചു നൽകുവാൻ എനിക്ക് കഴിഞ്ഞു. എന്റെ മക്കൾക്ക് പിതാവിന്റെ അനുഗ്രഹം ലഭിക്കുവാനും ഇടയായി.

ഈ ഭൂമിയിൽ നാം അന്യരും പരദേശികളുമാണ്. ദൈവം ഒരുക്കിയ നിത്യ ഭവനത്തിലെത്തുവാൻ മാതാപിതാക്കളെ കരുതുകയും സ്നേഹിക്കുകയും ചെയ്യണം. നാം ഈ ഭൂമിയിൽ ജീവിക്കുമ്പോൾ ഏത് പ്രവർത്തി ചെയ്യു മ്പോഴും ദൈവത്തോടാലോചന ചോദിയ്ക്കണം. എങ്കിലേ നമ്മുടെ ഓട്ടം വിശ്വസ്തതയോടെ ഓടിത്തീർക്കുവാൻ കഴിയുകയുള്ളൂ. "ദർശനം നടക്കും നിശ്ചയം" ധൈര്യപ്പെടുക. മുൻപോട്ട് പോകുക.ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

---

[Part (1) and (2) are compiled and delivered by Santhamma Varghese for 'biblestudy.co.in'. This message is to be continued]